ജഅ്ഫർ എളമ്പിലാക്കോട്

# വിസ്മയകരമായ വിശ്വാസത്തിന്റെ ഉടമകൾ

عَنْ عَمْرو بْن شُعَيْب عَن أبيه قَالَ: قَالَ رسولُ اللّٰه ﷺ أَيُّ الخَلْق أعْجَبُ إليكُمْ إيمانًا؟ قَالوُا : المَلائِكَةُ، قَالَ: وَمَالَهُمْ لايُؤْمِنُون وَهُمْ عِنْدَ رَبِّهِم؟ قَالوا فالنَّبِيُّون ،قَالَ: وَمَالَهُمْ لايُؤْمِنُون والْوَحْي يَنْزِل عَلَيْهِمْ؟ قَالُوا فَنَحْنُ، قَالَ: وَمَالَكُمْ لا تُؤْمِنُونْ وَأنَا بَيْنَ أَظْهُرِكُمْ؟ فَقَالَ رسولُ اللّٰه ﷺ: إنَّ أَعْجَبَ الخَلْقِ إلَيَّ إيمانًا لَقَوْمٌ يَكُونُونَ بَعْدَكُمْ، يَجِدُونَ صُحُفًا فِيها كِتَابٌ يُؤْمِنُونَ بِمَا فِيهَا

അംറുബ്നു ശുഐബ്(റ), തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: പ്രവാചകൻ(സ) ഒരിക്കൽ അനുചരന്മാരോട് ചോദിച്ചു: "നിങ്ങളുടെ കാഴ്ചപ്പാടിൽ സൃഷ്ടികളിൽ ഏറ്റവും അതിശയകരമായ വിശ്വാസത്തിന്റെ ഉടമകൾ ആരാണ്?" അവർ പറഞ്ഞു: 'മലക്കുകൾ." നബി(സ) ചോദിച്ചു: "മലക്കുകൾ എങ്ങനെ വിശ്വാസികളാവാതിരിക്കും? അല്ലാഹുവിന്റെ സന്നിധിയിലല്ലേ അവർ കഴിഞ്ഞുകൂടുന്നത്." സ്വഹാബിമാർ: "എങ്കിൽ അല്ലാഹുവിന്റെ പ്രവാചകന്മാരായിരിക്കും ഏറ്റവും അതിശയകരമായ വിശ്വാസത്തിന്റെ ഉടമകൾ." തിരുമേനി(സ): "പ്രവാചകന്മാർ എങ്ങനെ വിശ്വാസികളാവാതിരിക്കും? വഹ്‌യ് അവർക്കല്ലയോ ലഭിച്ചുകൊണ്ടിരിക്കുന്നത്!" അനുചരന്മാർ: "എന്നാൽ ഞങ്ങളായിരിക്കും അത്ഭുതകരമായ ഈമാനിന്റെ ഉടമകൾ." റസൂൽ: "നിങ്ങളെങ്ങനെ വിശ്വാസികളാവാതിരിക്കും? ഞാൻ നിങ്ങൾക്കിടയിലാണല്ലോ ജീവിച്ചിരിക്കുന്നത്!" അനന്തരം നബി(സ) പറഞ്ഞു: "വിശ്വാസത്തിന്റെ കാര്യത്തിൽ ഏറ്റവും അതിശയകരമായ വ്യക്തിത്വത്തിന്റെ ഉടമകൾ നിങ്ങൾക്ക് ശേഷം വരുന്ന ജനങ്ങളാണ്. അവർ ചില ഏടുകൾ കാണും. എന്നിട്ട് (ഇന്ന് നിങ്ങൾ എന്നിൽ വിശ്വസിക്കും പ്രകാരം) അതിൽ വിശ്വസിക്കുകയും ചെയ്യും!" *

കാലം വല്ലാതെ ദുഷിച്ചിരിക്കുന്നു. അധർമവും അക്രമവും സർവ സീമകളും ലംഘിച്ച് മാനവ ജീവിതത്തെ ദുരിതമയമാക്കിത്തീർത്തിരിക്കുന്നു. പിശാച് പോലും നാണിച്ച് പോകും വിധമാണ് അശ്ലീലതയുടെ വ്യാപനം. പുതിയ വേഷവും ഭാവവും സ്വീകരിച്ച് ജീവിതം മുഴുക്കെ ജാഹിലിയ്യത്ത് നിറഞ്ഞാടുകയാണ്. കറകളഞ്ഞ വിശ്വാസികൾ പോലും കാലിടറിപ്പോവുന്ന കാഴ്ചകൾ. മതവും സംസ്കാരവും കൊണ്ടുനടക്കാൻ കഴിയാത്ത ഭാരിച്ച ചുമടുകളായി മാറിയിരിക്കുന്നു. അടുത്ത സെക്കന്റിൽ താൻ ആരായിപ്പോവുമെന്ന് ഒരാൾക്കും പ്രവചിക്കാൻ കഴിയാതിരിക്കുമാറ് ചുറ്റുപാടുകൾ മലീമസമായിത്തീർന്നിരിക്കുന്നു. പ്രഭാതത്തിൽ മുഅ്മിനായി ഉണർന്നെഴുന്നേറ്റ ഒരാൾ പ്രദോഷമാവുമ്പോഴേക്ക് കാഫിറായിപ്പോവുന്ന കാലം! പൈശാചികതയുടെ വേലിയേറ്റം സംഭവിക്കുന്ന ഇത്തരം ആസുരമായ കാലഘട്ടങ്ങളെ പ്രവാചകൻ(സ) ചിത്രീകരിച്ചത് ഇപ്രകാരമാണ്: അവിടുന്ന് പറഞ്ഞു: "അന്ധകാര നിബിഢമായ രാത്രിയുടെ ഖണ്ഡങ്ങൾ പോലുള്ള പരീക്ഷണങ്ങൾ വന്നുഭവിക്കുന്നതിന് മുമ്പ് സൽക്കർമങ്ങളിലേർപ്പെട്ട് മുന്നേറിക്കൊണ്ടിരിക്കുവിൻ! എന്തുകൊണ്ടെന്നാൽ അന്ന് പ്രഭാതത്തിൽ വിശ്വാസിയായിരുന്ന ഒരാൾ വൈകുന്നേരമാവുമ്പോഴേക്ക് കാഫിറായിപ്പോയിട്ടുണ്ടാവും. വൈകുന്നേരം മുഅ്മിനായിരുന്ന ഒരാൾ പ്രഭാതമാവുമ്പോഴേക്ക് അവിശ്വാസിയായിത്തീർന്നിട്ടുണ്ടാവും. ഓരോരുത്തരും തങ്ങളുടെ ദീനിനെ ഭൗതിക താൽപര്യങ്ങൾക്കായി വിറ്റുകൊണ്ടിരിക്കും" (മുസ്‌ലിം).

അത്തരമൊരു കാലത്ത് അങ്ങേയറ്റത്തെ ജാഗ്രതയും മുന്നൊരുക്കവുമില്ലാതെ ദൈവമാർഗത്തിൽ പിടിച്ചുനിൽക്കുക അസാധ്യമായിത്തീരും. നന്മയെ പ്രചോദിപ്പിക്കുന്ന ഒരു തിരിനാളം പോലും ഇല്ലാതാവുകയും അന്ധകാരം ജീവിതം മുഴുക്കെ വിനാശം വിതക്കുകയും ചെയ്താൽ വിശ്വാസവും ധാർമികതയും കൈവെള്ളയിലെ തീക്കനലായി അനുഭവപ്പെടാൻ തുടങ്ങും. നബി(സ) പറഞ്ഞു: "തീർച്ചയായും ജനങ്ങൾക്ക് ഒരു കാലം വരാനിരിക്കുന്നു. അന്ന് ദൈവികദീനിൽ ക്ഷമയോടെ ഉറച്ചുനിൽക്കുന്നവൻ തീക്കനൽ കൈവെള്ളയിൽ അമർത്തിപ്പിടിച്ചവനെപ്പോലെയായിരിക്കും" (തിർമിദി).

ആദർശവാദികൾ കൈവെള്ളയിൽ പൊള്ളലേറ്റ് മാറി നിൽക്കുന്ന ദുരിതകാലത്ത് ദൈവിക ദീനിൽ ചാഞ്ചാട്ടങ്ങളില്ലാതെ ഉറച്ചുനിൽക്കുന്നവരെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. ധാർമികതയുടെ കനത്ത കോട്ടകൾക്കകത്ത് സ്വന്തം സംസ്കാരത്തെയും വിശ്വാസത്തെയും കാത്തുസൂക്ഷിക്കുന്ന ഇത്തരം നിഷ്കാമകർമികളായ വിശ്വാസികൾക്കുള്ള പ്രശംസാവചനം കൂടിയാണ് ആദ്യം പറഞ്ഞ നബിവചനം. ദൈവസന്നിധിയിൽ കഴിഞ്ഞുകൂടുന്ന മാലാഖമാരേക്കാളും ദിവ്യബോധനം ലഭിച്ചുകൊണ്ടിരുന്ന പ്രവാചകന്മാരേക്കാളും പ്രവാചക സാമീപ്യം നുകർന്ന് ജീവിച്ച സ്വഹാബിമാരേക്കാളും എന്തുകൊണ്ടും അഭിനന്ദനമർഹിക്കുന്നവരാണ് പുതുകാലത്തെ വിശ്വാസികൾ. തീർത്തും പ്രതികൂലമായ കാലാവസ്ഥയിൽ ഒരു ദിവ്യാത്ഭുതത്തിന്റെയും പിന്തുണയില്ലാതെ തന്നെ ദൈവിക ദീനിൽ അടിയുറച്ചു നിൽക്കുന്നവരാണവർ. ഇമാം തിർമിദി(റ) ഉദ്ധരിച്ച ഒരു തിരുവചനത്തിൽ അവർക്ക് ലഭിക്കുന്ന പ്രതിഫലത്തെ പ്രവാചകൻ ഇപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു: "തീർച്ചയായും നിങ്ങൾക്ക് ശേഷം സഹനത്തിന്റെ ചില നാളുകൾ വരാനിരിക്കുന്നു. അന്ന് ദൈവികദീനിൽ ക്ഷമയോടെ ഉറച്ചുനിൽക്കുന്നവൻ കൈവെള്ളയിൽ തീക്കനൽ പിടിച്ചവനെപ്പോലെയായിരിക്കും. അവരിൽ ദൈവമാർഗത്തിൽ പണിയെടുക്കുന്നവന് അമ്പത് പേരുടെ പ്രവർത്തനത്തിന് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്." അനുചരന്മാർ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, അവരുടെ കാലത്തെ അമ്പതു പേർക്ക് തുല്യമായ പ്രതിഫലമാണോ?" അവിടുന്ന് പറഞ്ഞു: "അല്ല; നിങ്ങളുടെ കാലത്തെ അമ്പതു പേർക്ക് തുല്യമായ പ്രതിഫലം!" (തിർമിദി, അബൂദാവൂദ്, ഇബ്നുമാജ). ■

* ഇമാം ഹാകിം, ബൈഹഖി, ബസ്സാർ, അബൂയഅ്‌ല, ഇബ്നു അബ്ദിൽ ബർറ്(റ) തുടങ്ങിയവർ ഈ ഹദീസ് നിവേദനം ചെയ്തിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര സ്വഹീഹ് ആണെന്ന് ഹാകിം അഭിപ്രായപ്പെടുന്നു (മുസ്തദ്റക് 7044).